SAMAJAM
Land of Midian, Since 2002 June 29th
PIECE OF WOOD IN MARAH
SAINT MARY'S JACOBITE MOVEMENT

**ത്രീയേക ദൈവത്തിന് സ്തുതി**

കൃപ നിറഞ്ഞ മറിയമേ !
നിനക്ക് സമാധാനം.
ഞങ്ങളുടെ കർത്താവ് നിന്നോടു കൂടെ,
സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ
ഉദരഫലമായ
ഞങ്ങളുടെ കർത്താവേശുമശിഹാ
വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമാതാവായ
വിശുദ്ധ കന്യക മൊർത്ത് മറിയമേ, ഇപ്പോഴും
എപ്പോഴും
ഞങ്ങളുടെ മരണ സമയത്തും പാപികളായ ഞങ്ങൾക്ക്
വേണ്ടി അപേക്ഷിച്ചു കൊള്ളണമേ.
ആമ്മീൻ

With blessings and in apostolic see of Patriarch of Antioch and all the East , Supreme Head of the Universal Syriac Orthodox church

# ഏകദിന നമസ്കാര ശ്രേണി (24 മണിക്കൂർ) 8 മേയ് 2013 ബുധൻ

**(ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിച്ച് ബുധനാഴ്ച വൈകുന്നേരം സാധാരണയായി നടത്തി വരുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയോടെ ഏകദേശം 10 മണിയോടെ നമസ്കാര ശ്രേണി പര്യസവസാനിക്കുന്നതാണ്. സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിഷയങ്ങളുടെമേലുള്ള ഒരു സ്തോത്ര പ്രാർത്ഥനയായി ഇത് പര്യസവാനിക്കും എന്ന പ്രത്യാശയോടെ !!)**

## സൂചകം

**പ്രചോദന വിശുദ്ധ ഗ്രന്ഥ ഭാഗങ്ങൾ**

**സ്കറിയാ പ്രവാചകൻ 12: 9 – 14, യോനാ പ്രവാചകൻ 3 : 5 – 9**

**ക്രിസ്ത്യാനികൾ പൊതുവായും, നമ്മുടെ പരിശുദ്ധ സഭ പ്രത്യേകിച്ചും, നേരിട്ടു കൊണ്ടിരിക്കുന്ന വിഷമ മേറിയ സാഹചര്യത്തിൽ നിന്ന് വിടുതൽ ലഭിക്കുന്നതിനും, അറിഞ്ഞോ അറിയാതെയോ വന്നു പോയ വീഴ്ചകൾക്ക് മോചനം പ്രാപിച്ച് പരിശുദ്ധ സഭ ശക്തി പ്രാപിക്കേണ്ടതിലേക്കുമായി, ഒരു നാൾ നീണ്ടുനില്ക്കുന്ന നമസ്കാരം നടത്തുവാൻ 2012 – ൽ വളരെ അനുഗ്രഹപ്രദമായി നടത്തപ്പെട്ട നമസ്കാരശ്രേണിയിൽ നിന്നും ലഭിച്ച ആത്മീയ ഉത്തേജനത്താൽ പൊതുവായി ഉണ്ടായ അഭിപ്രായത്തിൽ നിന്നും, ഒരു ദിവസം മുഴുവൻ ഇടമുറിയാതെയുള്ള പ്രാർത്ഥന നടത്തുവാൻ കമ്മിറ്റിയിൽ തീരുമാനമാകുകയും ആയതിന് നമ്മുടെ എല്ലാ അംഗങ്ങളുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ കൂട്ടായ്മയിലെ ഓരോ വ്യക്തികളും അവരുടെ കുടുംബാംഗങ്ങളും കുറഞ്ഞത് മുപ്പത് നിമിഷം എങ്കിലും തയാറാക്കപ്പെട്ട ക്രമത്തിൽ ആയത് നിർവ്വഹിക്കണമെന്ന് ദൈവ നാമത്തിൽ അപേക്ഷിക്കുന്നു.**

**താഴെ കൊടുത്തിരിക്കുന്ന കുറിപ്പുകൾ പ്രാർത്ഥനാ സാഹചര്യങ്ങളെ നമ്മുടെ മനസ്സിലേക്ക് അടുപ്പിക്കുവാൻ വേണ്ടിയാണ്. ആയതിനാൽ പ്രാരംഭ പ്രാർത്ഥന, നൽകപ്പെട്ടിരിക്കുന്ന കുറിപ്പുകൾ വായിച്ച് ധ്യാനിക്കാനായി നൽകപ്പെട്ട വിശുദ്ധഗ്രന്ഥ ഭാഗങ്ങൾ വ്യക്തതയോടെ വായിച്ച് ധ്യാനിച്ചും, സമർപ്പണത്തോടെ ആയിരിക്കുവാൻ അപേക്ഷിക്കുന്നു. ഈ പ്രാർത്ഥനാ ശ്രേണിയിൽ സംബന്ധിക്കുന്ന ഏവരും അവർ ഏറ്റെടുത്തിരിക്കുന്നത് യേശുമശിഹായുടെ കാര്യമാണന്നുള്ള ബോദ്ധ്യത്തോടു കൂടി (ഫിലിപ്യർ 2:21) വ്യക്തിപരമായ എല്ലാ കാര്യങ്ങളേയും ദൈവ സന്നിധിയിൽ ഏല്പിച്ച് (1 പത്രോസ് 5:7) ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പാനായി (വി. മത്തായി 6:33) സമർപ്പിക്കണമേ.**

**ഈ പ്രാർത്ഥനാ ശ്രേണിയിൽ സംബന്ധിക്കുന്ന ഏവരും അവരവരുടേതായ ആവശ്യങ്ങളെ പൂർണ്ണമായും ദൈവത്തിൽ സമർപ്പിച്ച്, സ്വതന്ത്ര മനസ്സോടുകൂടി പ്രാർത്ഥനാ വിഷയങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു. പൊതുവായ വിഷയങ്ങളിന്മേൽ ആരുടേയും പേര് പ്രസിദ്ധീകരിക്കുന്നില്ല. ആയതിനാൽ നമസ്കാര ശ്രുണിയിൽ സംബന്ധിക്കുന്നവർക്ക് അറിയാവുന്നവരേയാണ് വിഷയങ്ങളോട് ചേർത്ത് സമർപ്പിക്കേണ്ടത്.**

**നമ്മുടെ അംഗങ്ങളായിരിന്നവരിൽ ഇപ്പോൾ മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുന്നവരിൽ വിശുദ്ധ കുർബ്ബാന (വ്യാഴാഴ്ച – സ്വർഗ്ഗാരോഹണ പെരുന്നാൾ ആണല്ലോ) അനുഭവിച്ച് ഈ നമസ്കാര ശ്രേണിയെ ദൈവ സന്നിധിയിൽ ഇമ്പമുള്ളതാക്കി തീർക്കണമെന്ന് അപേക്ഷിക്കുന്നു.**

**സ്നേഹ പൂർവ്വം**

**സമാജം (SAMAJAM) കമ്മിറ്റി**

## ആരംഭം

**പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ ...**

**ദൈവമേ നീ പരിശുദ്ധനാകുന്നു .... (3)**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**
**കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം ...**

**വന്ദനം യേശുപരാ ! നിനക്കെന്നും വന്ദനം യേശുപരാ**
**വന്ദനം ചെയ്യുന്നു നിന്നടിയാർ തിരു നാമത്തിന്നാദരവായി വന്ദനം ...**
**ഇന്നു നിൻ സന്നിധിയിൽ അടിയാർക്കു വന്നു ചേരുവതിനായി**
**തന്ന നിന്നുതമാം കൃപയ്ക്കതി വന്ദനം ചെയ്തിടുന്നേ ... വന്ദനം ...**
**നിൻ രുധിരമതിനാൽ പ്രതിഷ്ഠിച്ച ജീവപുതുവഴിയായി**
**നിന്നടിയാർക്കു പിതാവിൻ സന്നിധൗ വന്നിടാമെ സതതം വന്ദനം ...**
**ഇത്ര മഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ**
**പാത്രതയേതുമില്ലാ നിന്റെ കൃപ എത്ര വിചിത്രമഹോ വന്ദനം ...**
**നീയൊഴികെ ഞങ്ങൾക്കു സുരലോകെ ആരുള്ളു ജീവനാഥാ**
**നീയൊഴികെ ഇഹത്തിൽ മറ്റാ രുമില്ലാഗ്രഹിപ്പാൻ പരനെ വന്ദനം**

**( പരിശുദ്ധ സഭ നേരിടുന്ന വിഷമങ്ങളേയും, നമ്മുടെ കൂട്ടായ്മയേയും, സഹോദരങ്ങളേയും ഉൾക്കൊണ്ടു കൊണ്ട് നാം നമ്മെതന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുക, താഴെ കൊടുത്തിരിക്കുന്ന വചനം നമുക്ക് പ്രചോദനമായിരിക്കിട്ടെ !)**

***1 യോഹന്നാൻ 5:14, തന്റെ ഇഷ്ടാനുസരണം നാം തന്നോട് യാചിക്കുന്നതെല്ലാം താൻ കേൾക്കും എന്നുള്ള ഈ ധൈര്യം നമുക്കുണ്ട്. നാം തന്നോട് യാചിച്ചാൽ താൻ നമ്മെ കേൾക്കും എന്നു നമുക്ക് ബോദ്ധ്യമുണ്ടങ്കിൽ, നാം തന്നോടപേക്ഷിച്ചിട്ടുള്ളവ നേരത്തെ തന്നെ നമുക്കു ലഭിച്ചു എന്നു നമുക്കു പ്രത്യാശിക്കാം.***

**സങ്കീർത്തനങ്ങൾ 74**

1. ദൈവമേ! നീ എന്നേക്കും ഞങ്ങളെ മറന്നുകളഞ്ഞതും നിന്റെ ആട്ടിൻ കൂട്ടത്തിലെ ആടുകൾക്കു നേരെ നിന്റെ കോപം ജ്വലിച്ചതും എന്തിനു?
2. നീ പണ്ടേ സമ്പാദിച്ചതും രക്ഷിച്ചെടുത്തതുമായ നിന്റെ സഭയെ, നിന്റെ അവകാശത്തിൻ ഗോത്രത്തെ, നീ നിവസിച്ച ഈ സിയോൻ പർവ്വതത്തെ ഓർക്കണമെ!
3. നിന്റെ അടിയാരായ ഞങ്ങളുടെ നേരെ ബലമായി അഹങ്കരിക്കുന്നവരുടെ മേൽ ഞങ്ങളെ നീ ഉയർത്തണമെ.
4. നിന്റെ ശത്രുക്കൾ നിന്റെ സഭയുടെ നടുവിൽ പ്രശംസിച്ചു. അവരുടെ കൊടികളെ അടയാളമായി തൂക്കി.
5. മേലുള്ള ഉന്നതനെപ്പോലെ നീ അറിഞ്ഞു. (വനത്തെപ്പോലെ കോടാലികൾ കൊണ്ടു.)
6. അവർ വാതിലുകളെ കീറി, അവർ മഴുകൾ കൊണ്ടും വെൺമഴുകൾ കൊണ്ടും വെട്ടി.
7. അവർ നിന്റെ ശുദ്ധസ്ഥലം തീയിട്ടു ദഹിപ്പിച്ചു. അവർ നിന്റെ തിരുനാമത്തിന്റെ കൂടാരത്തെ ഭൂമിയിൽ അശുദ്ധമാക്കി.
8. നാം അവരെ ഒരുമിച്ചു നശിപ്പിക്കണമെന്നും ഭൂമിയിൽനിന്നു ദൈവത്തിന്റെ പള്ളികളെയെല്ലാം നശിപ്പിക്കണമെന്നും അവരുടെ ഉള്ളം കൊണ്ടു പറഞ്ഞു.
9. ഞങ്ങൾ അടയാളങ്ങളെ കണ്ടില്ല; ഒരു ദീർഘദർശിയുമില്ല. ഞങ്ങളിൽ ഒരു ജ്ഞാനിയുമില്ല;
10. ദൈവമെ! എത്രത്തോളം ശത്രു നി ന്ദിച്ചു നിന്റെ തിരുനാമത്തെ ദുഷിക്കും? എന്നേക്കുമൊ ?
11. തിരുസഭയുടെ നടുവിൽനിന്നു നിന്റെ കയ്യും നിന്റെ വലങ്കയ്യും എന്തിന്നു നീ തിരിച്ചു ?
12. ഞങ്ങളുടെ ദൈവമെ! നീ ആദിമുതൽ യാക്കോബിന്റെ രക്ഷയെക്കുറിച്ചു കല്പിച്ചു വിചാരിച്ചിട്ടുള്ള രാജാവാകുന്നു.,

13 നിന്റെ ശക്തികൊണ്ടു സമുദ്രങ്ങളെ നീ വേർതിരിച്ചു; വെള്ളത്തിലെ തിമിംഗലങ്ങളുടെ തല നീ തകർത്തു,
14 ലെവിയാതാന്റെ തലയെ നീ ചതച്ച് അനേക ജനത്തിന്നു അതിനെ ഭക്ഷണമായി കൊടുത്തു.
15 നീ താഴ് വരകളിൽ ഉറവിനെ ഉണ്ടാക്കി; മഹാനദികളെ വറ്റി ച്ചു.
16 പകൽ നിന്റേതാകുന്നു. രാത്രിയും നിന്റേതാകുന്നു. പ്രകാശത്തേയും സൂര്യനേയും നീ സൃഷ്ടിച്ചു.
17 നീ ഭൂമിയുടെ അതിർത്തികളെല്ലാം സ്ഥാപിച്ചു. വേനലും വർഷവും നീ നിയമിച്ചു.
18 കർത്താവേ! ശത്രുവിന്റെ നി ന്ദയെ ഓർക്കണമേ; ഭോഷത്വമുള്ള ജനം നിന്റെ തിരുനാമത്തെ ദുഷിച്ചുവല്ലോ.
19 നിന്നെ സ്തോത്രം ചെയ്യുന്ന ആത്മാവിനെ നീ നാശത്തിന്നു കൊടുക്കരുതേ! നിന്റെ ദരിദ്രന്മാരുടെ ആത്മാക്കളെ എന്നേയ്ക്കും മറന്നുകളകയും അരുതേ.
20 കർത്താവേ! നിന്റെ ഉടമ്പടിയെ സൂക്ഷിക്ക ണമെ! എന്തെന്നാൽ ഭൂമിയിലെ വാസസ്ഥലങ്ങൾ അന്ധകാരവും അന്യായവും കൊണ്ടു നിറഞ്ഞിരിക്കുന്നു.,
21ദരിദ്രൻ ലജ്ജിച്ചും കൊണ്ടിരിക്കരുതെ. സാധുക്കളും ദരിദ്രന്മാരും നിന്റെ തിരുനാമത്തെ സ്തുതിക്കട്ടെ.
22 ദൈവമേ! എഴുന്നേറ്റ് വിധികല്പിക്കണമെ! ഭോഷന്മാർ നിത്യവും നിന്നെ നി ന്ദിക്കുന്നതിനെ ഓർക്കണമെ !
23 നിന്റെ ശത്രുക്കളുടെ ആരവത്തെയും നിനക്കു വിരോധമായി നില് ക്കുന്നവർ സദാ നേരവും ഉണ്ടാക്കുന്ന കലഹത്തേയും നീ മറന്നു കളയരുതേ !

## <u>അപേക്ഷ</u>

**സ്വർഗ്ഗസ്ഥനായ രാജാവേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു. ഞങ്ങൾ തിരുസന്നിധിയിൽ വന്ദിച്ച് അപേക്ഷിക്കുന്നതെന്തന്നാൽ, ഞങ്ങൾ അങ്ങേയ്ക്ക് വിരോധമായി ചെയ്ത സകല പാപങ്ങളും ക്ഷമിക്കേണമെ. തന്റെ പുത്രന്റെ മണവാട്ടി സഭയിലെ അംഗങ്ങളായി വിശുദ്ധ മാമോദീസാ മുഖാന്തിരം ഞങ്ങളെ സ്വീകരിക്കുകയും സാത്താനെ എതിർക്കുവാൻ ആത്മീയായുധം ഞങ്ങളെ ധരിപ്പിക്കുകയും ചെയ്തു. തന്റെ പുത്രന്റെ തിരുശരീര രക്തങ്ങളാൽ മണവാട്ടി സ്ഥാനത്തിന്റെ മുദ്ര മോതിരം അവിടുന്ന് ഞങ്ങളെ അണിയിച്ചു. അങ്ങനെ ഞങ്ങളെ സ്വർഗ്ഗീയ രാജാവിന്റെ വഗ്ദത്ത മക്കളും അവകാശികളുമാക്കി ഔന്നത്വത്തിന്റെ നിറവിൽ നിലനിർത്തിയിരിക്കുന്നതിനെ സ്മരിക്കാതെ പലപ്പോഴും സാത്താന്യ നടത്തിപ്പുകൾക്ക് വശംവദരാകുന്നു (2 കോരിന്ത്യർ 11:3). എന്നതിനാൽ പലവിധ പ്രയാസങ്ങൾ ഞങ്ങളെ നേരിടുന്നതായി ഭയക്കുന്നു.**

**അങ്ങയുടെ പരിശുദ്ധ സഭയെ വളരെ സമർപ്പിതരായി മേയിച്ചുകൊണ്ടിരിക്കുന്ന ഇടയന്മാരിൽ പലവിധ ദുഃഖങ്ങൾ വന്നു ചേരുന്നു. ഈ പരിശുദ്ധ സഭയിലൂടി ഈ ലോകത്തിന് ലഭിച്ചിരിക്കുന്ന ആത്മീയാഭിവൃദ്ധിയേയും മറ്റെല്ലാ നന്മകളേയും ആരും തന്നെ വിസ്മരിപ്പാൻ ഇടവരരുതേ. ഞങ്ങളെ ആത്മീയാഭിവൃദ്ധിയിൽ മേയിച്ച് ഭരിക്കുന്ന ഞങ്ങളുടെ അത്മീയ പിതാക്കന്മാരായ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവായേയും, ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായേയും മറ്റെല്ലാ വന്ദ്യ പിതാക്കന്മാരേയും അപ്രകാരം തന്നെ പരിശുദ്ധ സഭയുടെ ഭരണപരമായ നടത്തിപ്പികളെ നിവർത്തിക്കുന്ന എല്ലാ പുരോഹിത ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും വൈദീക വിദ്യാഭ്യാസ കേന്ദ്രത്തേയും, സുവിശേഷ സംഘങ്ങളേയും, ദയറാകളേയും ഞങ്ങൾ സമർപ്പിച്ച് പൂർണ്ണ വിശ്വാസത്തോടെ ആത്മീയ നടത്തിപ്പുകൾക്കും സംരക്ഷണത്തിനുമായി യാചിക്കുന്നു. പൂർണ്ണ വിശ്വാസത്തോടെയും സമർപ്പണത്താലും നമ്മുടെ കർത്താവിനോട്, പുത്രൻ തമ്പുരാനിലൂടി നമ്മെ കാണിച്ചു തന്ന സ്നേഹത്തിന്റെ ആഴത്തെ ഉൾക്കൊണ്ടുകൊണ്ട് നമുക്ക് യാചിക്കാം, നമ്മുടെ പ്രാർത്ഥനാ വിഷയങ്ങളെ കർത്താവിന്റെ സന്നിധിയിൽ സമർപ്പിക്കാം**

## <u>പ്രാർത്ഥനാ വിഷയങ്ങൾ :</u>

**ഓരോ വിഷയങ്ങളും നമ്മുടെ ഹൃദയത്തിൽ ഉൾക്കൊണ്ട്, അപേക്ഷകന്റെ ആവശ്യത്തെ നമ്മുടെ ആവശ്യമായി സ്വീകരിച്ച്, കൊടുത്തിരിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ വായിക്കുകയും അപേക്ഷ ചൊല്ലുകയും വേണം.**

***<u>എബ്രായർ 4:15–16</u>, നമ്മുടെ ബലഹീനതയിൽ സഹതപിക്കുവാൻ കഴിവില്ലാത്ത മഹാ പുരോഹിതനല്ല; പാപമൊഴികെ എല്ലാറ്റിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാകു ന്നു നമുക്കുള്ളത്. ആകയാൽ ഞെരുക്കത്തിന്റെ കാലത്ത് സഹായകമായ കരുണ പ്രാപിപ്പാനും കൃപ കണ്ടെത്തുവാനുമായി തന്റെ കൃപയുടെ സിംഹാസനത്തിങ്കലേക്ക് ധൈര്യപൂർ വ്വം നമുക്ക് അടുത്തു ചെല്ലാം.***

### 1) തിന്മക്കാരുടെ തടവിൽ ആയിരിക്കുന്ന നമ്മുടെ ആലപ്പോയിലെ ആർച്ച് ബിഷപ്പ് നി. വ. ദി. ശ്രീ. മോർ ഗ്രീഗോറിയോസ് യൂഹാനോൻ ഇബ്രാഹീം , ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ പോൾ യാസിഗി മെത്രാപ്പോലീത്തന്മാരുടേയും, മറ്റ് പുരോഹിതരുടേയും തടവിലും, കഷ്ടതയിലും ആയിരിക്കുന്ന സകല ജനത്തിന്റേയും സുരക്ഷിതമായ തിരിച്ചുവരവിനു വേണ്ടി.

***1 പത്രോസ് 5:2–4, നിങ്ങൾക്കു ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ ആത്മീകമായി മേയിക്കുകയും അന്വേഷിക്കുകയും ചെയ്യുവീൻ – അതു നിർബ്ബന്ധത്താലല്ല; മനഃപൂർവ്വമായും നിച ലാഭങ്ങളെ കരുതിയല്ല; നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടെയും ആയിരിക്കണം, ഇടവകകളുടെ യജമാനന്മാരെന്ന വിധത്തിലല്ല; പിന്നെയോ, നിങ്ങൾ അവർക്ക് ഉത്തമ ദൃഷ്ടാന്തമായിരിക്കണം. പ്രധാന ഇടയൻ പ്രത്യക്ഷപ്പെടുമ്പോൾ തന്നിൽ നിന്നും നിങ്ങൾ വാടാത്ത തേജസ്സിൻ കിരീടം പ്രാപിക്കും.***

**** ഞങ്ങളുടെ കർത്താവേ! തിരുവചനത്തിൽ കല്പിച്ചിരിക്കുന്ന പ്രകാരം സ്വന്ത താല്പര്യ പ്രകാരം തങ്ങളെ ഭരമേല്പിച്ച ജനത്തിന്റെ സർ വ്വ വിധ നന്മകൾക്കുമായി പ്രവർത്തിച്ചു കൊണ്ടിരുന്ന, നിന്റെ ദാസരെ പത്രോസ് ശ്ലീഹായെ തടവറയിൽ നിന്നും (അ.പ്ര:12) രക്ഷിച്ച പ്രകാരം രക്ഷിച്ച്, ഞങ്ങളെ സന്തോഷിപ്പിക്കണമേ.**

### 2) പരിശുദ്ധ പാത്രിയർക്കീസ് ബാവായുടേയും ശ്രേഷ്ഠ കാതോലിക്കാ ബാവായുടേയും ആരോഗ്യത്തിനും സന്തോഷത്തിനും വേണ്ടി

*ലൂക്കോസ് 22:31, '' ശെമഓനെ, ഗോതമ്പിനെ എന്നപോലെ നിങ്ങളെ പാറ്റു വാൻ സാത്താൻ ആഗ്രഹിക്കുന്നു നിന്റെ വിശ്വാസം കുറഞ്ഞുപോകാതിരിക്കേണ്ടതിന് ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു, നീയും തക്കകാലത്ത് തിരിഞ്ഞ് (വീണ്ടും) നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക''*

**** ഞങ്ങളുടെ കർത്താവേ! വാർദ്ധക്യത്തിന്റെ നിറവിലും, ശാരീരികമായ ക്ലേശങ്ങളെ വകവെയ്ക്കാതെ പരിശുദ്ധ സഭയെ മേയിച്ചു ഭരിച്ചുകൊണ്ടിരിക്കുന്ന ഞങ്ങളുടെ ബാവാമാരെ സദാ ശക്തിപ്പെടുത്തികൊണ്ടിരിക്കേണമേ!**

**3) പരിശുദ്ധ സഭയുടെ ആത്മീയവും ഭരണപരവുമായ എല്ലാ ഉത്തരവാദിത്വങ്ങളിലായിരിക്കുന്ന മെത്രാപ്പോലീത്തന്മാർ, പുരോഹിതർ, ദയറാക്കാർ, സുവിശേഷകർ, അത്മായക്കാർ എന്നിവർക്കെല്ലാം വേണ്ടി, നമ്മുടെ കൂട്ടായ്മയ്ക്കും അതിന്റെ ഉത്തരവാദിത്വ സ്ഥാനങ്ങളിൽ ആയിരിക്കുന്നവർക്കും വേണ്ടി, പരിശുദ്ധ സഭയിലെ സമിനാരി, സൺഡേസ്കൂൾ, മറ്റ് ആത്മീയ സംഘടനകൾ എന്നിവയ്ക്കു വേണ്ടി ..**

**<u>ഫിലിപ്പ്യർ 1:28 – 30;</u> നിങ്ങൾ സുവിശേഷത്തിന് അനുയോജ്യമാം വണ്ണം വർത്തിച്ചു കൊണ്ടിരിപ്പിൻ. നമുക്ക് എതിരായി നിലകൊള്ളുന്നവരുടെ നാശത്തിന്റെ തെളിവിനായും നിങ്ങളുടെ രക്ഷയ്ക്കായും അവർ മൂലം യതൊന്നുകൊണ്ടും നിങ്ങൾ ഇളകാതെ ഇരിക്കണം. നിങ്ങൾ മ്ശിഹായിൽ വിശ്വസിക്കുക മാത്രം പോരാ, പിന്നെയോ തന്നെ പ്രതി ക്ലേശമനുഭവിക്കുവാനും, നിങ്ങൾ എന്നിൽ കണ്ടിട്ടുള്ളതും, ഇപ്പോൾ എന്നെ ക്കുറിച്ചു കേൾക്കുന്നതുപോലെയുള്ള പോരാട്ടം സഹിപ്പാനുമായി ഇതു നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു.**

**** ഞങ്ങളുടെ കർത്താവേ, ഞങ്ങളെ ആത്മീയമായി ശക്തിപ്പെടുത്തികൊണ്ടിരിക്കുന്ന ആത്മീയ പിതാക്കന്മാരേയും, പ്രസ്ഥാനങ്ങളേയും, പരിശുദ്ധ സഭയുടെ ഭരണപരമായ പ്രവർത്തനങ്ങളിൽ ശ്രദ്ധാലുക്കളായിരിക്കുന്ന സഹോദരങ്ങളേയും കാത്തു സംരക്ഷിക്കണമേ.**

**4) സിറിയയിൽ സമാധാനം ഉണ്ടാകുന്നതിനും, അവിടെ വളരെ കഷ്ടതയനുഭവിച്ചു കൊണ്ടിരിക്കുന്ന എല്ലാ ജനങ്ങൾക്കും പ്രത്യേകിച്ചും ക്രിസ്ത്യാനി എന്നതിനാൽ വേദനപ്പെടുന്ന നമ്മുടെ സഹോദരങ്ങൾക്കും വേണ്ടി. മലങ്കരയിലെ ചില പള്ളികളിൽ സത്യവിശ്വാസ സംരക്ഷണ പോരാട്ടത്തിൽ ആയിരിക്കുന്നവരേയും അതിനാൽ നിയമക്കുരുക്കുളിൽ കഷ്ടപ്പെടുന്നവരേയും സമർപ്പിച്ച് ..**

***മീഖാ 7:18–19, തന്റെ അവകാശത്തിൽ അവശേഷിച്ചിരിക്കുന്നവരുടെ അധർമ്മം ക്ഷമിക്കുകയും പാപം മാറ്റിക്കളയുകയും ചെയ്യുന്ന കർത്താവേ, അങ്ങയെപ്പോലെ മറ്റൊരു ദൈവവുമില്ല. അവിടുന്ന് അനുതാപത്തിൽ പ്രസാദിക്കുന്നവനാകയാ ൽ അങ്ങ് എന്നേക്കുമായി വിരോധം സംഗ്രഹിച്ചു വയ്ക്കുന്നില്ല. താൻ നമ്മിലേക്കു തിരിഞ്ഞ് കരുണചെയ്യും. നമ്മുടെ അനീതിയെല്ലാം ഒരുമിച്ചു കൂട്ടി അവൻ നമ്മുടെ എല്ലാ പാപങ്ങളും കടലിൽ എറിഞ്ഞുകളയും. പൂർവ്വ കാലം മുതൽ നമ്മുടെ പിതാക്കന്മാരോടു വാഗ്ദാനം ചെയ്തിരുന്നതനുസരിച്ച് യാക്കോബിന് സത്യവും അബ്രഹാമിനു കൃപയും അവിടുന്ന് പ്രദാനം ചെയ്യും.***

***<u>ഹസ്കിയേൽ 34:31,</u> എന്റെ മേച്ചിൽ പുറത്തുള്ള എന്റെ ആടുകളേ നിങ്ങൾ മനുഷ്യരത്രേ. ഞാനാകുന്നു, നിങ്ങളുടെ ദൈവം എന്ന് കർത്താധി കർത്താവിന്റെ കല്പന.***

***<u>റോമർ 8:35–36</u>, മ്ശിഹായുടെ സ്നേഹത്തിൽ നിന്നും ആര് എന്നെ വേർപിരിക്കും? ഞെരുക്കമോ, ബന്ധനമോ, പീഡയോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ, 'നിന്നെ പ്രതി ഞങ്ങൾ നിത്യവും മരിക്കുന്നു. അറുക്കാനുള്ള ആടു പോലെ ഞങ്ങൾ ഗണിക്കപ്പെടുന്നു' എന്ന് എഴുതപ്പെട്ടിരിക്കുന്നതു പോലെ തന്നെ.***

***<u>1പത്രോസ് 4:16–17</u>, എന്നാൽ, ക്രിസ്ത്യാനി എന്ന നിലയിൽ കഷ്ടതയനുഭവിക്കേണ്ടിവന്നാൽ ലജ്ജിക്കരുത്, പിന്നെയോ ഈ നാമത്തിൽ അവൻ ദൈവത്തെ സ്തുതിക്കണം. എന്തെന്നാൽ ദൈവത്തിന്റെ ഭവനത്തിൽ നിന്നും ന്യായവിധി ആരംഭിക്കുവാൻ കാലമായിരിക്കുന്നു. അതു നമ്മിൽ നിന്നു തുടങ്ങുകയാണങ്കിൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാതിരിക്കുന്നവരുടെ അവസാനം എന്തായിരിക്കും ?***

** സർവ്വശക്തനും മഹാ കാരുണ്യവാനുമായ ഞങ്ങളുടെ ദൈവമായ കർത്താവേ, തിരുവചനത്തെ ഞങ്ങളെ പഠിപ്പിക്കുന്നതിനും, സത്യവിശ്വാസത്തിൽ ഞങ്ങളെ ഉറപ്പിച്ച് നിർത്തുന്നതിനും വേണ്ടി പരിശ്രമിക്കുകയും ക്ലേശങ്ങൾ അനുഭവിക്കുയും ചെയ്ത ഞങ്ങളുടെ പിതാക്കന്മാരും അങ്ങയുടെ വിശ്വസ്ത ദാസന്മാരുമായവരുടെ പിൻതലമുറ കഷ്ടപ്പെടുന്നതിൽ ഞങ്ങൾ വേദനിക്കുന്നു. കർത്താവേ ! അവരുടെ ഏതൊരാവശ്യങ്ങൾക്കും ഞങ്ങളെ മനസ്സും ശകതിയും ഉള്ളവരാക്കി തീർക്കണമേ. അങ്ങയുടെ മഹാ കാരുണ്യം അവരുടെ മേൽ ചൊരിയണമേ. അവരുടെ രക്ഷയിൽ ഞങ്ങൾ സന്തോഷിക്കുന്നതിനും, ഞങ്ങൾക്ക് ഒന്നായി കൂടി നിന്ന് തിരുനാമത്തെ സ്തുതിക്കുന്നതിനും കൃപയാകണമെ.

**5) സൗദിയിൽ സ്വദേശിവൽക്കരണത്താൽ ജോലി നഷ്ടപ്പെടലിന്റെ ഭാരത്തിൽ കഴിയുന്നവർ, പലവിധമായ കഷ്ടതകളാൽ ഭാരപ്പെടുന്നവർ, ആഗ്രഹങ്ങൾ നിവർത്തിയാകാതെ ദുഃഖിക്കുന്നവർ, തുടർച്ചയായ സാമ്പത്തിക തകർച്ചയിൽ വലയുന്നവർ, തുടർച്ചയായി രോഗത്താൽ, രോഗകാരണം പോലും കണ്ടുപിടിക്കപ്പെടാതെ ദുഃഖിക്കുന്നവർ, പ്രവർത്തന മേഖലയിൽ അധികാരികളിൽ നിന്ന് വേദന അനുഭവിക്കുന്നവർ, പകർച്ച വ്യാധിയാൽ ഭാരപ്പെടുന്നവർ, മക്കളുടെ വ്യക്തിപരമായ വളർ ച്ചയ്ക്കും പഠനത്തിനും വേണ്ടി പ്രാർത്ഥനയോടിരിക്കുന്ന മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കായി ആഗ്രഹിച്ചിരിക്കുന്ന ദമ്പതികൾ,**

=== (സൗകര്യമായ പ്രദമായ സമയം '2 മക്കാബിയർ 6,7' അദ്ധ്യായങ്ങൾ വായിച്ച് പഠിക്കുകയും ധ്യാനിക്കുകയും വേണം)

*ബാർ ആസിറേ 1:25, ദൈവഭക്തിയെ സ്നേഹിക്കുക, നിന്റെ ഹൃദയം അതിൽ ഉറപ്പിക്കുക, നീ സംഭീതനാകുകയില്ല.*

*വി. മത്തായി 6:27, വിചാരപ്പെടുന്നതുകൊണ്ട് തന്റെ ഉയരത്തോട് ഒരു മുഴം കൂടി വർദ്ധിപ്പിക്കുവാൻ നിങ്ങളിൽ ആർക്കു കഴിയും ?*

*വി. മത്തായി 6:31; ആകയാൽ ഞങ്ങൾ എന്തു ഭക്ഷിക്കും ? എന്തു കുടിക്കും ? എന്തു ധരിക്കും? എന്നു നിങ്ങൾ വ്യാകുലപ്പെട്ടു സംസാരിക്കരുത്. എന്തെന്നാൽ ലോകത്തിലെ പുറജാതികളത്രേ ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമുണ്ടന്നു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്. ആദ്യമെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ. ഇവയെല്ലാം അതോടു ചേർത്തു നിങ്ങൾക്കായി നൽകും. ആകയാൽ നാളയെപ്രതി നിങ്ങൾ വിചാരപ്പെടേണ്ട. എന്തെന്നാൽ ഈ 'നാളെ' തന്നെ അതിന്റെ കാര്യം വിചാരിച്ചുകൊള്ളും. അതതു ദിവസത്തെ കഷ്ടത അന്നത്തേക്കു മതി.*

*ഏബ്രായർ 10:35–36; ആകയാൽ വളരെ യേറെ പ്രതിഫലമുള്ള ആത്മധൈര്യം നിങ്ങൾ നശിപ്പിച്ചു കളയരുത്. എന്തെന്നാൽ ദൈവേഷ്ടം പ്രവർത്തിക്കുവാനും വാഗ്ദാനം പ്രാപിക്കുവാനും നിങ്ങൾക്കു ക്ഷമ ആവശ്യമാണ്.*

*വി.യോഹന്നാൻ 2: 1–9; മൂന്നാം ദിവസം ഗലീലയിലെ പട്ടണമായ കൊത്ത്നെ (കാനാ) യിൽ ഒരു വിവാഹമുണ്ടായിരുന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും തന്റെ ശിഷ്യന്മാരും ആ വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു. വീഞ്ഞു കുറവായിപ്പോയി. യേശുവിനോട് തന്റെ മാതാവ്; 'ഇവർക്ക് വീഞ്ഞ് ഇല്ലല്ലോ' എന്നു പറഞ്ഞു. യേശു അവളോട് 'സ്ത്രീയേ, എനിക്കും അവിടത്തേക്കും എന്ത്? എന്റെ സമയം ഇതുവരെ വന്നിട്ടില്ല' എന്നു പറഞ്ഞു. തന്റെ മാതാവാകട്ടെ പരിചാരകരോട് 'അവൻ നിങ്ങളോട് പറയുന്നതു പ്രകാരം നിങ്ങൾ ചെയ്യണം' എന്നു പറഞ്ഞു. യഹൂദന്മാർക്ക് ശുചീകരണാവശ്യത്തിനായി വച്ചിരുന്നവയും രണ്ടോ മൂന്നോ പറവീതം കോള്ളുന്നവയുമായ ആറു കൽഭരണികൾ ഉണ്ടായിരുന്നു. യേശു അവരോട് 'ഭരണികളിൽ വെള്ളം നിറപ്പിൻ' എന്നു പറഞ്ഞു. അവർ അവയെ വക്കുവരെ നിറച്ചു. താൻ അവരോട് 'ഇനിയും കോരി എടുത്ത് പന്തി പ്രമാണിക്കു കൊണ്ടു പോയികൊടുപ്പീൻ' എന്നു പറഞ്ഞു. അവർ കൊണ്ടു പോയി കൊടുത്തു. വീഞ്ഞായിത്തീർന്ന വെള്ളം പന്തിപ്രമാണി രുചിച്ചു നോക്കി. അത് എവിടെ നിന്നാണ് എന്ന് അവൻ അറിഞ്ഞിരുന്നില്ല. എന്നൽ വേലക്കാരാകട്ടെ തങ്ങൾ വെള്ളമാണ് നിറച്ചതെന്ന് അറിഞ്ഞിരുന്നു. ..*

*വി. മത്തായി 8:14–17, യേശു ശെമഓന്റെ ഭവനത്തിൽ വന്ന്, അവന്റെ അമ്മായിഅമ്മ ജ്വര ബാധിതയായി കിടക്കുന്നതു കണ്ടു, യേശു അവളുടെ കൈയിൽ തൊട്ടു. പനി വിട്ടുമാറി; അവൾ എഴുന്നേറ്റ് അവർക്കു ശുശ്രൂഷ ചെയ്തു. സന്ധ്യയായപ്പോൾ (ആളുകൾ) അനേകം ഭൂതഗ്രസ്തരെ തന്റെ സന്നിധിയിൽ കൊണ്ടുവന്നു, താൻ വചനം കൊണ്ട് അവരിൽനിന്ന് പിശാചുക്കളെ പുറത്താക്കി. കഠിന രോഗികളെല്ലാവരേയും താൻ സുഖപ്പെടുത്തി. 'അവൻ നമ്മുടെ വേദനകൾ സ്വീകരിക്കും , നമ്മുടെ രോഗങ്ങളെ വഹിക്കുകയും ചെയ്യും ' എന്ന് ഏശായ ദീർഘ ദർശിയാൽ പറയപ്പെട്ടിരുന്നത് ഇങ്ങനെ നിവൃത്തിയായി.*

*വി. മത്തായി 8:23–27, യേശു പടകിൽ കയറിയപ്പോൾ തന്റെ ശിഷ്യന്മാരും കൂടെ കയറി. പടക് തിരമാലകളാൽ മൂടപ്പെടുമാറ് സമുദ്രത്തിൽ വലിയ ക്ഷോഭമുണ്ടായി. യേശുവോ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ തന്നെ സമീപിച്ച്*

*തന്നെ ഉണർത്തി ''കർത്താവേ, രക്ഷിക്കണമേ; ഞങ്ങൾ നശിച്ചു പോകുന്നു' എന്നു പറഞ്ഞു. യേശു അവരൊട് 'അല്പ വിശ്വാസികളേ, നിങ്ങൾ എന്തിനു ഭയവിഹ്വലരായിരിക്കുന്നു' എന്നു പറഞ്ഞിട്ട് താൻ എഴുന്നേറ്റ് കാറ്റി നേയും കടലിനേയും ശാസിച്ചു. വലിയ ശാന്തതയുണ്ടായി. ആളുകളോ അത്ഭുതപ്പെട്ട്, കാറ്റും കടലും തന്നെ അനുസരിക്കുന്നവ ഇദ്ദേഹം ആരായിരിക്കും എന്നു പറഞ്ഞു.*

***** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്നെ വിളിക്കുന്ന ഞങ്ങളോടു നീ ഉത്തരമരുളണമേ. എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവ് ഞങ്ങൾക്കു വേറെയില്ല. തിരുഹിതത്താൽ ഇല്ലായ്മയിൽ നിന്നു ഞങ്ങളെ നീ സൃഷ്ടിച്ചു. ഇപ്പോൾ ഞങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നിന്റെ കോപം ഞങ്ങളെ നശിപ്പിച്ചു കളയരുതേ. കർത്താവേ! നിന്റെ കല്പനകൾ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ. പുണ്യപ്രവൃത്തികളാൽ ഞങ്ങൾ നിന്നെ പ്രസാദിപ്പിക്കുമാറകണമേ. കർത്താവേ! നിന്റെ കൽപ്പനകളാൽ ഞങ്ങൾ നിന്നെ പ്രസാദിപ്പിക്കുമാറാകണമേ. കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളോടു ദയവുണ്ടാകണമേ. നാഥാ അനുഗ്രഹിക്കണമേ.**

***** ഞങ്ങൾ ഞങ്ങളുടെ പ്രവർത്തികളും കുറ്റങ്ങളും നിമിത്തം നിന്നിൽ നിന്ന് അകന്നുപോയിട്ട് പേരിൽ മാത്രം നിനക്കുള്ളവരായി ഭവിച്ചിരിക്കുന്നതുകൊണ്ട് ഞങ്ങൾ ദുഃഖിക്കുന്നു. അനുതപിപ്പാൻ ഞങ്ങൾ ആഗ്രഹിച്ചു. ഞങ്ങളുടെ അഹങ്കാരമനസ്സ് സമ്മതിക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നു; സ്വയം പഠിക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരുടെ ദാഹം തീർത്തു എങ്കിലും ഞങ്ങൾ ദാഹത്തിൽ തന്നെയിരിക്കുന്നു. ചവളത്താൽ കുത്തിത്തുറക്കപ്പെട്ട നിന്റെ തിരുവിലാവിലെ ഉറവയിൽ നിന്ന് ഞങ്ങൾ കുടിച്ച് ഞങ്ങളുടെ ദാഹം തീർത്ത് ഞങ്ങൾ ആനന്ദിക്കട്ടെ. കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.**

***** കർത്താവേ! തിരുവചനത്തിൽ നിന്നുള്ള ഉപദേശങ്ങളേയും അങ്ങയുടെ അതുഭുത പ്രവർത്തികളിൽ നിന്നുള്ള പാഠങ്ങളെയും ഞങ്ങൾ മനഃസ്സിലാക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, നാളെയെക്കുറിച്ചുള്ള വ്യാകുലതകളിൽ നിന്ന് അകന്ന്, ഈ സമയം വരെ ലഭിച്ചിട്ടുള്ളതും, കണ്ട് പഠിച്ചിട്ടില്ലുതുമായ ദൈവീക കൃപകളിൽ വിശ്വസിച്ചും ആശ്രയിച്ചും വിശ്വാസത്തിൽ സാക്ഷികളായി തീരാൻ ഞങ്ങളുടെ മേൽ കൃപയാകണമേ. പുറമേ പ്രകടമാക്കുന്ന വ്യാകുലതയും ഭീതിയും അവിടുന്ന് ഇഷ്ടപ്പെടുന്നില്ല. നാഥാ അവിടുന്ന് ആഗ്രഹിക്കുന്ന സാമൂഹ്യ നീതിയേയും ഞങ്ങൾ മനസ്സിലാക്കുന്നു, ഒരുവന്റെ വ്യാകുലതയിൽ നിന്നുള്ള വികാര പ്രകടനങ്ങൾ, മറ്റൊരു ബലഹീന മനസ്സിനെ കൂടുതലായി ബലഹീനമാക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളല്ലോ. എന്നാലോ ഹൃദയത്തിന്റെ തേങ്ങലുകളെ അവിടുന്ന് മാനിക്കുന്നു എന്നത് കാനാവിൽ വെള്ളം വീഞ്ഞ് ആക്കിയതിൽ നിന്നും, പത്രോസ് ശ്ലീഹായുടെ അമ്മാവിയമ്മയെ സുഖപ്പെടുത്തിയതിൽ നിന്നും ഞങ്ങൾ പഠിച്ചു. ഞങ്ങൾ ആശ്രയിക്കുന്നത് കല്ലിലും മണ്ണിലുമല്ല പിന്നയൊ ബലവാനായ ദൈവത്തിലാണ് എന്ന യിരിമ്യാ പ്രവചകന്റെ പ്രവചനം (യിരമ്യാ 31:35), കടലിനെ ശാന്തമാക്കി കാണിച്ച് ഞങ്ങൾക്ക് സ്പഷ്ടമാക്കി തന്നതിനായി സ്തുതിക്കുന്നു. ഇല്ല! ഇല്ല നാഥാ!! ഇല്ല!!! ഞങ്ങൾ വ്യാകുലപ്പെടില്ല; എന്തിന് ഞങ്ങൾ വ്യാകുലപ്പെടണം, നാളത്തെ ദിനത്തിന്റെ സൃഷ്ടാവ് അവിടുന്നാകയാൽ, അങ്ങിൽ ആശ്രയിക്കുന്നത് തന്നേ ഏവർക്കും ആശ്വാസം. നാളത്തെ നന്മകളെ സ്വീകരിക്കുന്നതിന് തടസ്സമായേക്കാവുന്ന പാപചിന്തകളിൽ നിന്നും പ്രവർത്തികളിൽ നിന്നും അകന്ന് ജീവിപ്പാൻ അങ്ങയുടെ കൃപയ്ക്കായി അപേക്ഷിക്കുന്നു. അവിടുത്തെ ഇഷ്ടം തന്നെ ഞങ്ങളിൽ നിവർത്തിക്കപ്പെടട്ടെ.**

**നാം വിശ്വാസത്തിൽ ഉറച്ച് നിൽക്കുന്നുവെങ്കിൽ അതിന്റെ പിറകിൽ നമ്മുടെ കർത്താവേശുമശിഹായുടെ പ്രാർത്ഥന സദാ ഉണ്ട് എന്ന് നാം മനസ്സിലാക്കണം. പ്രതിസന്ധികളെ നേരിടുമ്പോൾ കർത്താവിങ്കലുള്ള പ്രത്യാശ നഷ്ടപ്പെട്ടു പോകാതിരിക്കുക എന്നത് ഒരു വലിയ നേട്ടമാണ്. ഈ ദൈവകൃപയെ ഉൾക്കൊണ്ടുകൊണ്ട്, നാം മറ്റു ള്ളവർക്കു വേണ്ടി പ്രാർത്ഥിപ്പാൻ കടപ്പെട്ടിരിക്കുന്നു.**

*1 പത്രോസ് 5:8, നിങ്ങൾ ഉണർന്നിരിപ്പീൻ – ഓർമ്മയുള്ളവരായിരിപ്പീൻ എന്തന്നാൽ നിങ്ങളുടെ ശത്രുവായ സാത്താൻ സിംഹത്തെപ്പോലെ അലറിക്കൊണ്ട് – ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചുകൊണ്ട് – നടക്കുന്നു. ആകയാൽ അവന് എതിരായി എഴുന്നേല്പിൻ.*

**സമർപ്പിതരേ, നാം ഓരോരുത്തരിലും ലഭിച്ചിരിക്കുന്ന നിയോഗങ്ങൾ വ്യക്തിപരമായ പുകഴ്ചയല്ല, പിന്നയോ ദൈവതിരുനാമ മഹത്വത്തിനായി മാത്രമായിരിക്കണം. മോശാ ദീർഘദർശി യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും വിടുവിച്ചു കൊണ്ടുവന്നപ്പോൾ മോശാ ദീർഘദർശിയുടെ അമ്മായി അപ്പനായ യിത്രോ ചൊല്ലുന്ന സ്തോത്രം ശ്രദ്ധേയമാണ്. : പുറപ്പാട് 18:10–11, ''തന്റെ ജനത്തെ മെസ്രേന്യരുടെ കൈയിൽ നിന്നും ഫറവോന്റെ കൈയിൽ നിന്നും നിങ്ങളെ രക്ഷിച്ച കർത്താവു വാഴ്ത്തപ്പെട്ടവൻ. അവരെക്കുറിച്ച് അവന് ഉണ്ടായ കരുതൽ മൂലം കർത്താവു സകല ദേവന്മാരിലും വലിയവനാകുന്നു എന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു.''**

**ദൈവീകമായി ലഭിക്കുന്ന കഴിവുകൾ, അധികാരങ്ങൾ, നൽവരങ്ങൾ, നികത്തപ്പെടുന്ന കുറവുകൾ, ഒക്കേയും മറന്ന് സ്വന്തം മാതാപിതാക്കളേയും, ഗുരുക്കന്മാരേയും, സഹോദരങ്ങളെയും, തങ്ങളുടെ ഉയർച്ചയ്ക്ക് വഴികാട്ടികളാകുവാൻ ദൈവം എടുത്ത് ഉപയോഗിച്ച ആത്മീയ പിതാക്കന്മാരേയും , ശിശ്രൂഷകരേയും , ദൈവ സന്നിധിയിൽ എടുത്ത പ്രതിജ്ഞകളേയും ധിക്കരിച്ച്, അഹങ്കരിക്കുന്ന വ്യകതികളെ കണ്ടുകൊണ്ടിരിക്കുന്ന ഈ കാലങ്ങളിൽ, ദൈവമേ മോശാ ദീർഘദർശിയുടെ ജീവിതവും യിത്രോയുടെ ദൈവീക സ്തുതിയും ഞങ്ങൾ മനസ്സിലാക്കുന്നു. ഗുരു ശിഷ്യ ബന്ധത്തിന് ഏലീശാ ദീർഘദർശി ഞങ്ങൾക്ക് ശക്തിപകരട്ടെ (2 രാജാ 2:9–13)**

**ദൈവീക ശിശ്രൂഷയിൽ, ശിശ്രൂഷകർ / വ്യക്തികൾ പ്രശംസിക്കപ്പെടുന്നത് പലപ്പോഴും പരിധി വിട്ട് പോകുന്നത് ദൈവീക സ്തുതിയുടെ മഹത്വത്തിന്റെ മാറ്റ് കുറഞ്ഞ് പോകുന്നതിനും സാത്താൻ തന്റെ പ്രവേശന കവാടം കണ്ടെത്തുന്നതിനും കാരണമായിതീരുന്നു.**

<u>1 പത്രോസ് 4:7–11,</u> **''സകലത്തിനും അവസാനം അടുത്തുപോയി. അതുമൂലം പരിപാകതയുള്ളവരും പ്രാർത്ഥനയ്ക്കു ജാഗ്രതയുള്ളവരുമായിരിക്കണം. സർവ്വോപരി, നിങ്ങൾക്കു പരസ്പരം ഉറ്റ സ്നേഹമുണ്ടായിരിക്കണം. എന്തെന്നാൽ – സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു. നിങ്ങൾ പിറുപിറുപ്പുകൂടാതെ സാധുപരദേശികളെ സ്നേഹിക്കുന്നവരായിരിക്കണം. നിങ്ങളിൽ ഓരോരുവനും ദൈവത്തിൽ നിന്നും പ്രാപിച്ച വരംമൂലം ദൈവത്തിന്റെ പ്രത്യേക കൃപയുടെ നല്ല കാര്യസ്ഥന്മാർക്കു ചേരുന്നതുപോലെ തന്റെ കൂട്ടുകാർക്കു ശിശ്രൂഷ ചെയ്യണം. പ്രസംഗിക്കുന്നവനെല്ലാം, ദൈവത്തിന്റെ വചനം എന്നതുപോലെ പ്രസംഗിക്കണം. ശിശ്രൂഷചെയ്യുന്ന ഏവനും, ദൈവം അവനു പ്രദാനം ചെയ്തശക്തിയാൽ എന്നതുപോലെ ശിശ്രൂഷിക്കണം. നിങ്ങൾ പ്രവർത്തിക്കുന്ന സർവ്വകാര്യങ്ങളിലും യേശുമശിഹാമൂലം ദൈവം മഹിമപ്പെടട്ടെ. എന്നുമെന്നേയ്ക്കും മഹത്വവും ബഹുമാനവും തന്റേതാകുന്നു.''**

**പിതാവിന്റെ പുത്രനായ യേശുവേ ! നീ ഞങ്ങളെ സഹായിക്കണമേ. മറിയാമിന്റെ പുത്രനായ യേശുവേ ! നീ ഞങ്ങളെ രക്ഷിക്കണമേ. യേശുവേ! നീ ഞങ്ങളെ ബലപ്പെടുത്തുകയും ദുഷ്ടനെ ഞങ്ങളിൽ നിന്ന് മായിക്കുകയും ചെയ്യണമേ. യേശുവേ! ഞങ്ങളുടെ കടങ്ങളും പാപാങ്ങളും മോചിക്കണമേ. നീ ന്യായം വിധിക്കുമ്പോൾ ഞങ്ങളോട് കരുണചെയ്യണമേ.**

സർവ്വശക്തനും മഹാകാരുണ്യവാനുമായ ദൈവമേ! മഹാപാപികളായ ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് കൃപയോടെ ഞങ്ങളോട് ഉത്തരമരുളിചെയ്യണമേ. ഞങ്ങളെയും, ഞങ്ങളുടെ മാതാപിതാക്കന്മാരെയും, ഞങ്ങളുടെ സഹോദരന്മാരെയും, സഹോദരിമാരെയും. ഞങ്ങളുടെ സന്താനങ്ങളെയും, ഞങ്ങൾക്കുള്ള എല്ലാവരെയും നീ കൃപയോടെ കാത്തു രക്ഷിക്കണമേ. ഞങ്ങൾക്കു നിന്നോടുള്ള അനുസരണവും, ഭക്തിയും, വിശ്വാസവും വർദ്ധിപ്പിച്ചു തരണമേ. സത്യ അറിവും, നന്മകൾക്കു താല്പര്യവും, ഹൃദയപ്രകാശവും, തിന്മകൾക്കു വെറുപ്പും, ആശ്വാസത്തോടും സന്തോഷത്തോടും കൂടിയുള്ള ദീർഘായുസ്സും, നല്ല അവസാനവും, പാപമോചനവും, സ്വർഗ്ഗരാജ്യത്തിൽ അവകാശവും നൽകണമേ. ഇവിടെ അഴിഞ്ഞുപോകുന്നതായ ഭവനത്തിൽ ഞങ്ങൾ സ്നേഹത്തോടെ ഒരുമിച്ചു പാർത്ത് നിന്നെ സ്തുതിപ്പാൻ ഇടയാക്കണമേ. അതുപോലെതന്നെ അവിടെ അഴിവില്ലാത്ത ഭവനത്തിലും ഞങ്ങൾ ഒരുമിച്ചു വസിച്ച് നിന്നെ സ്തുതിപ്പാൻ ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ. ഞങ്ങളിൽ ഒരുവനെയും നിന്റെ പരമാനന്ദ രാജ്യത്തിൽ നിന്ന് പുറത്തു തള്ളിക്കളയരുതേ. കർത്താവേ! ഈ ആയുസ്സിൽ ക്ഷാമത്തിൽ നിന്നും, വസന്തയിൽ നിന്നും, പെട്ടെന്നുള്ള മരണത്തിൽ നിന്നും, മിന്നലുകളിൽ നിന്നും, ഇടികളിൽ നിന്നും, പിശാചുക്കളുടെയും ദുഷ്ടമനുഷ്യരുടെയും ശത്രുക്കളുടെയും ദുഷ്ടജന്തുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നും, സകല അപകടങ്ങളിൽ നിന്നും, ദുഃഖങ്ങളിൽ നിന്നും, ദുഷ്ക്കാലങ്ങളിൽ നിന്നും, ഞെരുക്കങ്ങളിൽ നിന്നും, എല്ലാ രോഗങ്ങളിൽ നിന്നും, വേദനകളിൽ നിന്നും, ഞങ്ങളെ കാത്തുരക്ഷിക്കണമേ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്റെ ഇഷ്ടം ചെയ്ത് നിനക്കുള്ളവരായിരിപ്പാനും നിന്റെ കൃപകൾക്കു പാത്രവാന്മായിരിപ്പാനും യോഗ്യരായിതീരണമേ. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും, വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും ദയവോടെ ഞങ്ങളോടു ക്ഷമിക്കണമേ. ദൈവമേ! നിന്നെക്കാൾ അധികം മറ്റൊന്നിനെയും സ്നേഹിപ്പാനും ആശ്രയിപ്പാനും ഇടയാകാതെ ഞങ്ങളെ കാത്തുകൊള്ളണമേ. നിന്റെ കൽപ്പന പ്രകാരം ഞങ്ങളെ കാക്കുന്നവരായ നിന്റെ പരിശുദ്ധ മാലാഖമാരെ ഞങ്ങൾ ദുഃഖിപ്പിക്കുന്നവരായിത്തീരുമാറാകരുതേ. ഞങ്ങൾ വിചാരിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമായ സകലവും തിരുനാമമഹത്ത്വത്തിനും, ഞങ്ങളുടെയും മറ്റുള്ളവരുടെയും നന്മയ്ക്കും ഉപയോഗപ്പെടുന്നതാക്കിത്തീർക്കണമേ. ഞങ്ങളുടെ സ്രഷ്ടാവേ! ഞങ്ങളെയും, ഞങ്ങൾക്കുള്ള സകലത്തേയും പൂർണ്ണമനസ്സോടെ തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. നിന്റെ കൃപയാൽ ഞങ്ങളെ കൈകൊണ്ട് ഞങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും തിരുവിഷ്ടപ്രകാരം ഭരിക്കണമേ. ഞങ്ങളെ നീ ഒരിക്കലും നിരസിച്ചു തള്ളിക്കളയരുതേ. ഞങ്ങളെയും ഞങ്ങളുടെ സന്താനങ്ങളെയും, ഞങ്ങളുടെ സഹോദരീ സഹോദരന്മാരെയും, ഞങ്ങൾക്കുള്ള എല്ലാവരെയും വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യരാക്കിത്തീർക്കണമേ. കർത്താവേ! നീ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന സകല ചുമതലകളും നിന്റെ ഇഷ്ടപ്രകാരം ശരിയായി നടത്തുവാനും ദൈവഭയത്തിൽ ജീവിപ്പാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ സഭയിലും, രാജ്യത്തും, ഞങ്ങളുടെ പള്ളിയിലും, കുടുംബത്തിലും സമാധാനവും, ആശ്വാസവും നീ ഉണ്ടാക്കണമേ. ഞങ്ങളെ

ല്ലാവരും സത്യസ്നേഹത്തോടും സന്തോഷത്തോടും കൂടെ ഏക മനസ്സുള്ളവരായി നിന്റെ കൃപയാൽ വിശുദ്ധിയോടെ ജീവിപ്പാനും നിന്റെ പരുശുദ്ധ റൂഹാ ഞങ്ങളിൽ പ്രവർത്തിപ്പാനും കൃപചെയ്യണമേ. ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹായെ അറിയാതെയും വിശ്വസിക്കാതെയും ഇരിക്കുന്ന പുറജാതികൾ ഈ ക്രിസ്തീയ തൊഴുത്തിൽ വന്നുചേർന്ന് ഞങ്ങളോടു കൂടെ നിന്നെ മഹത്ത്വപ്പെടുത്തുവാനായിട്ട് അവരുടെ മേൽ നിന്റെ കൃപയെ ചൊരിയുകയും അവരെ സത്യ അറിവിലേക്കു തിരിപ്പാൻ കൃപയോടെ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. ഞങ്ങളുടെ ഭരണക്കാരും നിന്റെ ശുശ്രൂഷകന്മാരും ആയ മേൽപ്പട്ടക്കാരെയും പട്ടക്കാരെയും സകല ദൈവികവേലക്കാരെയും നീ അനുഗ്രഹിച്ച് അവരെ നീതിയും വിശുദ്ധിയും കൊണ്ട് അലങ്കരിക്കുകയും ഏവൻഗേലിയോൻ പ്രകാരം ഞങ്ങളെ മേയിച്ച് ഭരിപ്പാൻ അവരെ ശക്തിപ്പെടുത്തുകയും അവരെ അനുസരിച്ച് നടപ്പാൻ ഞങ്ങൾക്കു അനുസരണമുള്ള ഹൃദയം നൽകുകയും ചെയ്യേണമേ. കർത്താവേ! ഞങ്ങളെ ഭരിക്കുന്ന ഭരണകർത്താക്കളെയും, ഉദ്യോഗസ്ഥന്മാരെയും നീ അനുഗ്രഹിച്ച് സത്യത്തിലും, നീതിയിലും, ദൈവഭയത്തിലും നടത്തുകയും, അവരെ കൃപയോടെ കാത്തു രക്ഷിക്കുകയും ചെയ്യണമേ. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ കൽപ്പിച്ചയച്ച ഞങ്ങളുടെ കർത്താവായ യേശുമിശിഹാ മൂലം ഞങ്ങളുടെ യാചനകൾക്ക് മറുപടി നൽകണമേ. ഞങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും പാപമോചനത്തിനും സ്വർഗ്ഗരാജ്യത്തിനും യോഗ്യരാക്കിത്തീർക്കണമേ. ദൈവമേ! ഞങ്ങൾ അയോഗ്യരെങ്കിലും നിന്റെ ഏക പുത്രന്റെ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധമതികളുടെയും മോർ * തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ മേലുള്ള നിന്റെ സർവ്വ കൃപകൾക്കും വേണ്ടി നിന്നെയും നിന്റെ ഏക പുത്രനെയും നിന്റെ പരിശുദ്ധറൂഹായേയും എല്ലാ സമയത്തും എന്നേയ്ക്കും ഞങ്ങൾ സ്തുതിച്ച് സ്തോത്രം ചെയ്തു വന്ദിക്കുന്നു. **ആമ്മീൻ**

*ക്രോബേന്മാരുടെ സ്തുതി*
*(ഹസ്കി: 3: 12)*

**<u>കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.</u>**
വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ!ഞങ്ങളോടുകരുണചെയ്യണമേ.
**<u>കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.</u>**
വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ!ഞങ്ങളോടുകരുണചെയ്യണമേ.
**<u>കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്നു എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.</u>**
വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടുകരുണചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു
നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു
നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ എന്നേയ്ക്കും നിനക്കു സ്തുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

**സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും ..........**

**<u>ബാറെക്മോർ,</u>** സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ, കുറയേ...കുറിയേ.....

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനേ! അനുതാപത്തിലേക്കു ഞങ്ങളെ ഉണർത്തണമേ.
ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കണമേ.
വിശുദ്ധ കന്യകയേ! നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.
നിബിയന്മാരും ശ്ലീഹന്മാരുമേ! നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.
പിതാക്കന്മാരും മല്പാന്മാരുമേ! നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.
ഉത്തമനായ പുത്രാ! നിന്റെ കൃപയുടെ സമൃദ്ധമായ കരുണ ഞങ്ങൾക്കു കോട്ടയായിരിക്കണമേ.
കർത്താവേ! വിശ്വാസികളായ വാങ്ങിപ്പോയവരെ നീ ആശ്വാസിപ്പിക്കണമേ. ബാറെക്മോർ

പരിശുദ്ധ ത്രിത്വത്തിന് ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറ്റുന്നു.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി

ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ദൈവമേ! നിനക്കു സ്തുതി
കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

**ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണചെയ്യണമേ.** ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിചെയ്തു ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കുസ്തുതി. ഞങ്ങളുടെ ശരണവുമേ എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!**

**കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം.**

## കൊലേസ്യർ 4:2

**എപ്പോഴും പ്രാർത്ഥിപ്പീൻ. അതിൽ ഉണർ വ്വുള്ളവരായിരുന്ന് സ്തോത്രം ചെയ് വിൻ.**

## ====== നമസ്കാര ശ്രേണി സമാപ്തി ======